Jagratha 075

Vol-II, Issue :42
01-01- 2009

# Commission for Social Harmony and Vigilance

Pastoral Orientation Centre, Palarivattom,Kochi-25, ph: 0484 2806262, kcbcshv@gmail.com

(For Private Circulation Only)

**Commission Chairman**
Rt. Rev. Dr. Stanley Roman
**Commission Secretary**
Fr. Johny Kochuparambil MST

# ജാഗ്രത

**Vice-Chairmen**
Moran Mor Baselius Cleemis Catholicos
Bishop Mar Thomas Chakiath
Bishop Mar Joseph Kallarangatt




## പ്രധാന വാർത്തകൾ

01. കലകൾ ദൈവ വചനം മനുഷ്യരിലെത്തിക്കാനുള്ള ഉപാധി : ആർച്ച്ബിഷപ് ഡോ. അച്ചാരുപറമ്പിൽ
02. സ്വാർഥത മനുഷ്യനെ ദൈവത്തിൽനിന്ന് അകറ്റും : ആർച്ച് ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം
03. തിരുവചനപഠനം അനുഭവതലങ്ങളിലേക്ക് വളരണം : മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്
04. ദൈവത്വത്തിന്റെ നിഷേധമാണ് മനുഷ്യത്വം നഷ്ടപ്പെടുത്തുന്നത് : മാർ ആൻഡ്രൂസ് താഴത്ത്
05. സംവരണാനുകൂല്യത്തെക്കുറിച്ച് തെറ്റായ ധാരണകൾ സൃഷ്ടിക്കുന്നു : കെ.എൽ.സി.എ
06. പുരോഹിതൻ എല്ലാവർക്കും എല്ലാമാകാൻ വിളിക്കപ്പെട്ടവൻ : മാർ മനത്തോടത്ത്
07. മാതാക്കൾ സമൂഹത്തിന്റെ ശക്തി : മാർ മാത്യു അറയ്ക്കൽ
08. മാധ്യമങ്ങൾ വീഴ്ചകളെ വാർത്തകളാക്കുന്നു : മാർ ജോർജ് വലിയമറ്റം
09. വിശ്വാസികൾ ജീവിക്കുന്ന വചനമായി മാറണം : ബിഷപ് മാർ ജോർജ് പുന്നക്കോട്ടിൽ

## 01. കലകൾ ദൈവ വചനം മനുഷ്യരിലെത്തിക്കാനുള്ള ഉപാധി : ആർച്ച്ബിഷപ് ഡാനിയേൽ അച്ചാരുപറമ്പിൽ

ബൈബിൾ സന്ദേശങ്ങൾ കലകളിലൂടെ ആവിഷ്കരിക്കുന്നതു വഴി ദൈവ സന്ദേശം എളുപ്പത്തിൽ മനുഷ്യ ഹൃദയങ്ങളിൽ പ്രതിഷ്ഠിക്കാൻ സാധിക്കുമെന്ന് കെ.സി.ബി.സി പ്രസിഡന്റും വരാപ്പുഴ അതിരൂപത ആർച്ച് ബിഷപ്പുമായ ഡോ. ഡാനിയേൽ അച്ചാരുപറമ്പിൽ പറഞ്ഞു. ദൈവവചനവർഷത്തിന്റെ സംസ്ഥാനതല സമാപനപരിപാടികളുടെയും അഖില കേരള ബൈബിൾ കലോത്സവത്തിന്റെയും ഉദ്ഘാടനം പാലാരിവട്ടം പി.ഒ.സിയിൽ നിർവഹിച്ചു. സംസാരിക്കുകയായിരുന്നു അദ്ദേഹം.പി.ഒ.സി ഓഡിറ്റോറിയത്തിൽ നടന്ന പൊതുസമ്മേളനത്തിൽ ആർച്ച് ബിഷപ് വചനവർഷജ്യോതി തെളിയിച്ചു.

കേരളത്തിലെ 29 രൂപതകളിലെ പ്രതിനിധികൾ വചനജ്യോതി ഏറ്റുവാങ്ങി. കെ.സി.ബി. സി ബൈബിൾ കമ്മീഷന്റെ ആഭിമുഖ്യത്തിൽ ദൈവ വചനവർഷത്തെപ്പറ്റി സംഘടിപ്പിച്ച ഗാനരചനാമത്സരത്തിൽ നിന്ന് തെരഞ്ഞെടുത്ത 10 ഗാനങ്ങളടങ്ങിയ സി.ഡി(ലോഗോസ്) യുടെ പ്രകാശനം പി.ഒ.സി ഡയറക്ടർ ഡോ. സ്റ്റീഫൻ ആലത്തറയ്ക്ക് നൽകി കൊണ്ട് ബിഷപ് നിർവഹിച്ചു. പി.ഒ.സി ഡയറക്ടർ റവ. ഡോ. സ്റ്റീഫൻ ആലത്തറ, ബൈബിൾ കമ്മീഷൻ സെക്രട്ടറി റവ. ഡോ. സൈറസ് വേലംപറമ്പിൽ, ഫാ. ജോസ് കോട്ടയിൽ, ഫാ.ജയ്സൺ കൊള്ളന്നൂർ, ഫാ. മരിയാൻ അറയ്ക്കൽ, അഡ്വ. ചാർളി പോൾ, തോപ്പിൽ ആന്റോ എന്നിവർ പ്രസംഗിച്ചു.

**02.സ്വാർഥത മനുഷ്യനെ ദൈവത്തിൽനിന്ന് അകറ്റും: മാർ പെരുന്തോട്ടം** (22-12-2008)

വർദ്ധിച്ചു വരുന്ന ഭൗതികതയും സ്വാർഥതയും മനുഷ്യനെ ദൈവത്തിൽനിന്നും സമൂഹത്തിൽനിന്നും അകറ്റുകയും സഹസൃഷ്ടികളോടുള്ള ബന്ധം നശിപ്പിക്കുകയും ചെയ്യുമെന്ന് ആർച്ച് ബിഷപ് മാർ ജോസഫ് പെരുന്തോട്ടം. ചങ്ങനാശേരി അതിരൂപത പിതൃവേദി രജതജൂബിലി സമാപന സമ്മേളനം കോട്ടയം ലൂർദ് ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു ആർച്ച് ബിഷപ്. ഇളംമനസുകളിൽ നിരീശ്വരത്വവും ഭൗതികതയും പരസ്പര സ്പർധയും ഉണ്ടാക്കാനുള്ള ശ്രമം ആർഷ ഭാരത സംസ്കാരത്തിനു നേരേയുള്ള വെല്ലുവിളിയാണെന്നും മാർ പെരുന്തോട്ടം അഭിപ്രായപ്പെട്ടു.സമ്മേളനത്തിൽ മാർ ജോസഫ് പവ്വത്തിൽ മുഖ്യപ്രഭാഷണം നടത്തി. മക്കളെ മാതാപിതാക്കൾ വിശ്വാസത്തിലും സന്മാർഗത്തിലും വളർത്താൻ ശ്രമിക്കുമ്പോൾ അതിനെതിരേ നിയമങ്ങളുണ്ടാക്കി വ്യക്തിസ്വാതന്ത്രത്തെ ഹനിക്കാൻ നടക്കുന്ന ശ്രമിക്കുന്നതിനെതിരേ മാതാപിതാക്കൾ ജാഗരൂകരായിരിക്കണമെന്ന് മാർ പവ്വത്തിൽ അഭിപ്രായപ്പെട്ടു.

**03. തിരുവചനപഠനം അനുഭവതലങ്ങളിലേക്ക് വളരണം: മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്** (24-12-2008)

തിരുവചനപഠനം അറിവിന്റെ തലങ്ങളിൽ മാത്രം ഒതുങ്ങി നിൽക്കാതെ അനുഭവതലങ്ങളിലേക്ക് വളരണമെന്ന് എറണാകുളം അങ്കമാലി അതിരൂപത സഹായമെത്രാൻ ബിഷപ്പ് മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് അഭിപ്രായപ്പെട്ടു.എറണാകുളം- അങ്കമാലി അതിരൂപത ബൈബിൾ അപ്പസ്േതാലേറ്റിന്റെ ആഭിമുഖ്യത്തിൽ നടന്ന ചടങ്ങിൽ അധ്യക്ഷത വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.അനുദിനജീവിതസാഹചര്യങ്ങളെ വചനം പ്രാവർത്തികനാക്കാനുള്ള പരീക്ഷണതലങ്ങളായി മാറ്റണം.സമൂഹത്തിൽ വേദന അനുഭവിക്കുന്ന ഒരാളെയെങ്കിലും ആശ്വസിപ്പിക്കാനുള്ള പ്രചോദനം ലഭിക്കാൻ ബൈബിൾ പഠനം ഉപകരിക്കണമെന്നും അദ്ദേഹം പറഞ്ഞു.ബൈബിൾ കലേത്സവത്തിന്റെ അതിരൂപത തലമത്സരങ്ങളിലും ലോഗോസ്ക്വിസ് മത്സരത്തിലും വിജയികളായവർക്കും റാങ്ക് ജേതാക്കൾക്കും അദ്ദേഹം സമ്മാനങ്ങൾ വിതരണം ചെയ്തു.

**04. ദൈവത്വത്തിന്റെ നിഷേധമാണ് മനുഷ്യത്വം നഷ്ടപ്പെടുത്തുന്നതെന്ന് മാർ ആൻഡ്രൂസ് താഴത്ത്**

ദൈവത്വത്തിന്റെ നിഷേധമാണ് മനുഷ്യത്വം നഷ്ടപ്പെടുത്തുന്നതെന്നും മനുഷ്യൻ അടിസ്ഥാനപരമായി മതമുള്ളവനാണെന്നും തൃശൂർ ആർച്ച്ബിഷപ് മാർ ആൻഡ്രൂസ് താഴത്ത്. ആളൂർ ബിബ്ലിയയിൽ മതാത്മകഥ മതപരിവർത്തനം മനുഷ്യാവകാശം എന്ന വിഷയത്തിൽ പ്രഭാഷണം നടത്തുകയായിരുന്നു ബിഷപ്. ഇരിങ്ങാലക്കുട ബിഷപ് മാർ ജെയിംസ് പഴയാറ്റിൽ ക്രിസ്മസ് സ്ന്ദേശം നൽകി. ഇരിങ്ങാലക്കുട രൂപത വികാരി ജനറാൾ മോൺ. വിൻസന്റ് ആലപ്പാട്ട്, മുൻ എംഎൽഎ എം.കെ. പോൾസൺ, എം.സി. പോൾ, ഫാ. ജോസ് ഇരുമ്പൻ, ഫാ. ജോസ് മാണിപറമ്പിൽ, ഫാ. ഫ്രാൻസിസ് മാണിപറമ്പിൽ, സിസ്റ്റർ ആൻജോ, സിസ്റ്റർ ലിനറ്റ് എന്നിവർ പ്രസംഗിച്ചു. സാഹിത്യകാരൻ ഏബ്രഹാം കൊന്നക്കുഴി, കലാകാരൻമാരായ ജോയ് ആളൂർ, നളിൻ എന്നിവരെ ചടങ്ങിൽ ആദരിച്ചു.

**05. സംവരണാനുകൂല്യത്തെക്കുറിച്ച് തെറ്റായ ധാരണകൾ സൃഷ്ടിക്കുന്നു: കെ.എൽ.സി.എ** (29-12-2008)

പിന്നോക്ക സമുദായങ്ങൾക്ക് സർക്കാർ നിയമനങ്ങളിൽ ലഭിക്കുന്ന സംവരണാനുകൂല്യത്തെക്കുറിച്ചു തെറ്റായ ധാരണകൾ സൃഷ്ടിക്കാൻ എൻ.എസ്.എസ് ബോധപൂർവം ശ്രമിക്കുകയാണെന്ന് കെ.എൽ.സി.എ ആരോപിച്ചു.

നിയമനങ്ങളിൽ പിന്നോക്ക ജനവിഭാഗങ്ങളിലെ പ്രാതിനിധ്യത്തെക്കുറിച്ചു അന്വേഷിച്ച ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷന് ലഭിച്ചത് പത്തു വർഷത്തെ കണക്കുകൾ മാത്രമാണ്. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിലെ ലത്തീൻ സമുദായം ഉൾപ്പെടെയുള്ള പിന്നോക്ക ജനവിഭാഗങ്ങൾക്ക് നഷ്ടപ്പെട്ട ഉദ്യോഗങ്ങളെക്കുറിച്ചുള്ള സൂചന ഞെട്ടിപ്പിക്കുന്നതാണ്. എന്നാൽ ഇപ്പോൾ 2006 ഫെബ്രുവരി മുതൽ 2007 ഡിസംബർവരെയുള്ള കാലഘട്ടത്തിലെ കണക്കു കാണിച്ചു പിന്നോക്ക സമുദായങ്ങൾ നിയമനങ്ങളിലെ സിംഹഭാഗവും കൈയടക്കുന്നുവെന്ന ധാരണ ദുഃഖകരമാണെന്ന് യോഗം വിലയിരുത്തി. സംസ്ഥാന പ്രസിഡന്റ് റാഫേൽ ആന്റണി അധ്യക്ഷത വഹിച്ചു.

**06. പുരോഹിതൻ എല്ലാവർക്കും എല്ലാമാകാൻ വിളിക്കപ്പെട്ടവൻ: മാർ മനത്തോടത്ത്** (29-12-2008)

വെല്ലുവിളികളെ അതിജീവിച്ച് പുരോഹിതർ നല്കുന്ന ക്രിസ്തുസാക്ഷ്യം അനേകർക്ക് മനഃശാന്തിയും അനുഗ്രഹവും നല്കുന്നുണ്ടെന്നും രൂപതാ ബിഷപ് മാർ ജേക്കബ് മനത്തോടത്ത് ഉദ്ബോധിപ്പിച്ചു നെന്മാറ ക്രൈസ്റ്റ് കിംഗ് ദേവാലയത്തിൽ ഡീക്കൻ ഷിജു ഞെരളംപുഴയ്ക്ക് പൗരോഹിത്യം നല്കിയശേഷം സന്ദേശം നല്കുകയായിരുന്നു ബിഷപ്. വൈദികർ തന്റെ വിളിയോട് വിശ്വസ്ത പുലർത്തുമ്പോൾ അനേകർക്ക് അത് അനുഗ്രഹമായി മാറുന്നു. വിശുദ്ധിയോടും വിശ്വസ്തതയോടും ജീവിച്ച് ജീവിതകാലത്ത് അനേകർക്ക് സാക്ഷ്യം നല്കുന്ന പുരോഹിതർ ജനഹൃദയങ്ങളിൽ നേടുന്ന സ്ഥാനം വലുതാണ്. അതിനാണ് നവവൈദികർ ശ്രമിക്കേണ്ടത്.ചേർത്തല തൈക്കാട്ടുശേരിയിൽ പൗരോഹിത്യ രജതജൂബിലി ആഘോഷിക്കുന്ന പുരോഹിതൻ ആഘോഷം വേണ്ടെന്ന് പറഞ്ഞപ്പോൾ ഇടവകജനം പറഞ്ഞത് പൗരോഹിത്യത്തിലുള്ള വിശ്വാസം ആഘോഷിക്കാൻ അവസരം നല്കണമെന്നാണ്. ഇത് സൂചിപ്പിക്കുന്നത് ജനങ്ങൾ പുരോഹിതരോട് എത്രമാത്രം ഐക്യപ്പെട്ടിരിക്കുന്നു എന്നതാണ്.ജീവിതത്തിൽ തകർച്ചയും ദുഃഖവും അനുഭവിക്കുന്നവർക്ക് പ്രത്യാശ പകർന്നു നല്കുന്ന പുരോഹിതൻ ജീവിതകാലം മുഴുവൻ എല്ലാവർക്കും എല്ലാമാകാൻ വിളിക്കപ്പെട്ടവനാണ്. പൗരോഹിത്യത്തിന്റെ സത്ത പൂർണമായും ഉൾക്കൊണ്ട് പുരോഹിതരും പുരോഹിതർക്കുവേണ്ടി പ്രാർഥിച്ച് അൽമായരും തങ്ങളുടെ കടമ നിവേറ്റണം.

**07. മാതാക്കൾ സമൂഹത്തിന്റെ ശക്തി: മാർ മാത്യു അറയ്ക്കൽ** (9-12-2008)

മാതാക്കൾ കുടുംബത്തിന്റെയും സമൂഹത്തിന്റെയും ശക്തിയാണെന്നും സഭയിലെ അവരുടെശുശ്രൂഷ സ്തുത്യർഹമാണെന്നും കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷൻ മാർ മാത്യു അറയ്ക്കൽ. രൂപത ഫാമിലി അപ്പോസ്തലേറ്റിന്റെ ആഭിമുഖ്യത്തിൽ നടത്തിയ മാതൃദീപ്തി, പിതൃവേദി സംഘടനകളുടെ സംഗമവും വാർഷികവും ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. സമ്മേളനത്തോടനുബന്ധിച്ചു നടന്ന സെമിനാറിന് ഫാമിലി കൗൺസിലർ ഗ്രേസ് ലാൽ നേതൃത്വം നൽകി.

**08. മാധ്യമങ്ങൾ വീഴ്ചകളെ വാർത്തകളാക്കുന്നു: മാർ ജോർജ് വലിയമറ്റം** (29-12-2008)

വീഴ്ചകളെ മാത്രം വാർത്തയാക്കുന്ന അവസ്ഥയാണ് മാധ്യമങ്ങളിലുള്ളതെന്നു തലശേരി അതിരൂപത ആർച്ച് ബിഷപ് മാർ ജോർജ് വലിയമറ്റം. വേദന കണ്ട് രസിക്കുന്ന രീതിയിലാണ് പല വാർത്തകളും മാധ്യമങ്ങളിൽ വരുന്നത്. കേരളാ അഡോപ്റ്റീവ് ഫാമിലീസ് ഓർഗനൈസേഷൻ (കാഫോ) സംഘടിപ്പിച്ച മലബാർ മേഖലാ ദത്ത് കുടുംബസംഗമം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. എന്തെങ്കിലും കുറ്റങ്ങൾ കണ്ടാൽ അത് പെരുപ്പിച്ച് ആഘോഷിക്കുകയാണ് മാധ്യമങ്ങൾ. ഒറ്റപ്പെട്ട ചില സംഭവങ്ങളെ പർവതീകരിച്ച് കാണിക്കുകയും ക്രിയാത്മകമായ പ്രവർത്തനങ്ങൾ കണ്ടില്ലെന്നു നടിക്കുകയും ചെയ്യുന്ന മാധ്യമ പ്രവർത്തനം പരക്കെ അപലപിക്കപ്പെടേണ്ടതാണെന്നും അദ്ദേഹം പറഞ്ഞു. ഒറ്റപ്പെട്ട കുടുംബങ്ങൾക്ക് ആശ്വാസമാകുന്ന പ്രവർത്തനങ്ങളാണ് കാഫോ നടത്തുന്നത്. ദത്തെടുക്കുന്ന കുടുംബത്തിലെ കുടുംബാംഗങ്ങൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയണം. സ്വാഭാവികമായി കുഞ്ഞുങ്ങളെ ലഭിക്കുന്ന മാതാപിതാക്കൾ കുഞ്ഞുങ്ങൾക്കു വേണ്ടി എല്ലാം അർപ്പിക്കുന്നതുപോലെ ദത്തെടുക്കുന്ന മാതാപിതാക്കളും

കുഞ്ഞുങ്ങൾക്കു വേണ്ടി സ്വയം സമർപ്പിക്കുകയാണു ചെയ്യുന്നതെന്നും അദ്ദേഹം പറഞ്ഞു.കാഫോ സംസ്ഥാന പ്രസിഡന്റ് കെ.എം.ആർ പിള്ള അധ്യക്ഷത വഹിച്ചു. മുഖ്യാതിഥിയായി നിശ്ചയിച്ചരുന്ന നടൻ മമ്മൂട്ടിയുടെ സന്ദേശം കാഫോ മലബാർ മേഖലാ പ്രസിഡന്റ് അഡ്വ.റ്റി.ജെ വർക്കി വായിച്ചു. സി.എം.ഐ കോഴിക്കോട് പ്രൊവിൻഷ്യാൾ ഫാ.ജോൺ പനന്തോട്ടം ചടങ്ങിൽ അനുഗ്രഹ പ്രഭാഷണം നടത്തി. ഉയർന്നു ചിന്തിക്കുന്നവരുടെയും ഉദാത്ത മനസ്കരുടെയും കൂട്ടായ്മയായി കാഫോ മാറിയിരിക്കുകയാണെന്നു അദ്ദേഹം പറഞ്ഞു.

**09. വിശ്വാസികൾ ജീവിക്കുന്ന വചനമായി മാറണം: ബിഷപ് മാർ ജോർജ് പുന്നക്കോട്ടിൽ** (29-12-2008 )

വിശ്വാസികൾ ജീവിക്കുന്ന വചനമായി മാറണമെന്ന് കെ.സി.ബി.സി ബൈബിൾ കമ്മീഷൻ ചെയർമാൻ ബിഷപ് മാർ ജോർജ് പുന്നക്കോട്ടിൽ. ദൈവവചനവർഷത്തിന്റെ ഭാഗമായി സംഘടിപ്പിച്ച അഖിലകേരള ബൈബിൾ കലോത്സവത്തിന്റെ സമാപ നസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. വചനമായി ജീവിക്കുമ്പോൾ നാം ആയിരിക്കുന്ന ഇടങ്ങളിൽ മറ്റുള്ളവർക്ക് വെളിച്ചമാകാനാകണമെന്നും കല ദൈവത്തിലേക്കുള്ള ജാലകമാണെന്നും ബിഷപ്പ് പറഞ്ഞു. വചനജ്യോതി തെളിച്ചുകൊണ്ട് ബിഷപ് ഉദ്ഘാടനം ചെയ്ത സമ്മേളനത്തിൽ കേരളത്തിലെ 29 രൂപതകളെ പ്രതിനിധാനം ചെയ്ത് എട്ട് പ്രതിനിധികൾ വചനജ്യോതി ഏറ്റുവാങ്ങി വചനഗീതം ആലപിച്ചു. തുടർന്ന് മാർ പുന്നക്കോട്ടിൽ വചനവർഷ പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. വചനവർഷഗാനരചന, സാഹിത്യരചന, അവതരണം എന്നിവയിൽ വിജയികളായവർക്ക് ബിഷപ് ട്രോഫിയും സർട്ടിഫിക്കറ്റും സമ്മാനിച്ചു. സംസ്ഥാന തലത്തിൽ നടത്തിയ കലോത്സവത്തിൽ ആയിരത്തോളം കലാപ്രതിഭകൾ പങ്കെടുത്തു.